**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലാ പഞ്ചായത്ത്-ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി കൂടാതെ ഗാന്ധിജി സെൻട്രൽ സ്കൂൾ, ശാന്തിഗ്രാം, ആരംഭിച്ചത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2836/2014/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/10/2014

---

പരാമർശം :- 1. സർക്കാരിന്റെ 19.10.10-ലെ സർക്കാർ ഉത്തരവ് (സാധാ)നം.3280/10/തസ്വഭവ നമ്പർ ഉത്തരവ്
2. ശ്രീ.റോയി കെ.പൗലോസ് ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 7432/11 നമ്പർ പെറ്റീഷൻ
3. പൊതു വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 16/11/10-ലെ സാ.ഉ. (എം.എസ്.)നം.238/2010/പൊ.വി.വ. നമ്പർ ഉത്തരവ്
4. ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 31.12.12-ലെ 9-ാം നമ്പർ യോഗ തീരുമാനം
5. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 19/05/2011-ലെ സ.ഉ. (എം.എസ്) നം.114/2011/പൊ.വി.വ. നമ്പർ ഉത്തരവ്
6. ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.12.13-ലെ എ5-4148/13 നമ്പർ കത്ത്
7. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25.07.14-ലെ എൽ.എഫ്.3470/പി.റ്റി.2/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി കൂടാതെ നിയമ വിരുദ്ധമായി ഇരട്ടയാർ സർക്കാർ ഹൈസ്ക്കൂളിന്റെ സ്ഥലത്ത് ഗാന്ധിജി സെൻട്രൽ സ്കൂൾ, ശാന്തിഗ്രാം എന്ന പേരിൽ സി.ബി.എസ്.ഇ.സിലബസിൽ സ്കൂൾ ആരംഭിച്ചത് ഖണ്ഡിക 3.5 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ അനുമതി ലഭിക്കാതെ ആരംഭിച്ചതിനാലും ജില്ലാ പഞ്ചായത്ത് 2007-08 സാമ്പത്തികവർഷം വരെ കേരള വികസന പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,03,87,156/- രൂപ ചെലവഴിച്ചത് ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്ത ഒരു കാര്യത്തിനുവേണ്ടി ഇത്രയധികം തുക ചെലവഴിച്ചതിനാലുമാണ് ആയത് ഓഡിറ്റ് തടസ്സപ്പെടുത്തിയത്.

2) പരാമർശം (1)-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം പ്രസ്തുത തുക അന്നത്തെ സെക്രട്ടറിയിൽ നിന്നും സ്കൂൾ ആരംഭിക്കുവാൻ തീരുമാനമെടുത്ത ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

3) ഇടുക്കി ജില്ലാ പഞ്ചായത്ത് അംഗമായിരുന്ന ശ്രീ.റോയി കെ.പൗലോസ് പരാമർശം (2) പ്രകാരം ഹൈക്കോടതിയിൽ മേൽ സർക്കാർ ഉത്തരവിനെതിരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത തുക ഈടാക്കാതിരിക്കുന്നതിന് സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് (ഡബ്ല്യു.പി(സി)7432/11) ഇപ്പോഴും കോടതിയിൽ നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം ഇടുക്കി ജില്ലാ പഞ്ചായത്തിൽ പരിശോധന നടത്തുകയും അനധികൃതമായി പ്രവർത്തിക്കുന്ന ശാന്തിഗ്രാമിലെ "ഗാന്ധിജി സെൻട്രൽ സ്കൂളിലെ" വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനായി ബദൽ സംവിധാനം ഒരുക്കിയശേഷം സ്കൂൾ കെട്ടിടം വിദ്യാഭ്യാസവകുപ്പിന് കൈമാറേണ്ടതാണ് എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.10-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് ഇടുക്കി ജില്ലാപഞ്ചായത്തിന് കർശന നിർദ്ദേശം നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു.

(PTO)

4) പരാമർശം (3) പ്രകാരം പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്കൂളിൽ, ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന തുക വിനിയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ ജില്ലാപഞ്ചായത്ത് മെമ്പർമാരെയും സെക്രട്ടറിയെയും ബാധ്യതയിൽ നിന്നും ഒഴിവാക്കി ഓഡിറ്റ് തടസ്സം നീക്കുന്നതിനായി സർക്കാരിനോട് ഇടുക്കി ജില്ലാ പഞ്ചായത്ത് സമിതി പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

5) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരാമർശം (5)-ലെ ഉത്തരവ് പ്രകാരം "ഗാന്ധിജി സെൻട്രൽ സ്കൂൾ" എന്ന പേരിൽ ആരംഭിച്ച സ്കൂൾ ആർ.എം.എസ്.എ. പദ്ധതി പ്രകാരം സർക്കാർ ഏറ്റെടുത്ത് "ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ:ഹൈസ്ക്കൂൾ" എന്ന് പുനർ നാമകരണം ചെയ്ത് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുവെന്നും അദ്ധ്യാപകർ എല്ലാം പി.എസ്.സി. വഴി നിയമിതരായിട്ടുള്ളവരാണെന്നും എൽ.കെ.ജി. മുതൽ 10-ാം ക്ലാസ്സ് വരെ 800 വിദ്യാർത്ഥികൾ ഇപ്പോൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ടെന്നും കേരള സർക്കാർ സിലബസ് പ്രകാരമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും പരാമർശം (6) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) പ്രസ്തുത സ്കൂളിന്റെ നടത്തിപ്പ് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം (7)-ലെ കത്ത് പ്രകാരം ടി സ്കൂൾ പരാമർശം (3)-ലെ ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനാൽ ഓഡിറ്റ് ഖണ്ഡിക പ്രകാരമുള്ള 1,03,87,156/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 1,03,87,156/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്
പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്
ധനകാര്യ (എഫ്.ഐ.ഡബ്ല്യു.ഡി.) വകുപ്പ് (ഫയൽ നം.71425/FIWD1/09/Fin)
ശ്രീ.എം.റ്റി.തോമസ്, പ്രസിഡന്റ്, ഇടുക്കി ജില്ലാ പഞ്ചായത്ത്
വെബ്ബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം., പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ